## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 278** **09.03.2015-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ദേശീയ ഗെയിംസിന്റെ വിജയകരമായ പരിസമാപ്തി കേരളത്തിന്റെ സ്പോർട്സ് മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ ; | (എ) & (ബി) | കായിക കേരളത്തിന്റെ അഭിമാനമായി മാറിയ 35-ാം ദേശീയ ഗെയിംസിൽ മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോന്മേഷം പകർന്നിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാകുകയും കായിക ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്തതിലൂടെ ഭാവിയിൽ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും അവസരമൊരുങ്ങി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് സമീപ ഭാവിയിൽ ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും, പൊതുജനങ്ങൾക്കും പുതിയ ഉണർവ്വ് കൈവരുന്നതാണ്. |
| (ബി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും സ്പോർട്സിന്റെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ; | | |

| | | | |
|---|---|---|---|
| (സി) | ദേശീയ ഗെയിംസിന്റെ കണക്കുകൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) | ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട കണക്കുകൾ www.kerala2015.com എന്ന വെബ്സൈറ്റിൽ, തുടക്കം മുതൽ പ്രതിമാസം അപ്‌ലോഡ് ചെയ്യാറുണ്ട്. 31.01.2015 വരെയുള്ള ഇനം തിരിച്ചുള്ള വരവു-ചെലവു കണക്കുകൾ വെബ് സൈറ്റിൽ ലഭ്യമാണ്. കണക്കുകൾ Internal Auditing-നും Statutory Auditing-നും വിധേയമാക്കുന്നു. കൂടാതെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സമഗ്രമായ ഓഡിറ്റ് 2015 ഫെബ്രുവരി 25 മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ